## 964

1 ഒരു മനസ്സോടെ ഒരുങ്ങി നിൽക്ക നാം
മണവാളനേശുവിൻ വരവിനായി
വരുന്ന വിനാഴികയറിയുന്നില്ലാകയാൽ
ഒരുങ്ങിയുണർന്നിരിക്കാം-നാഥൻ

ദീപം തെളിയിച്ചു കാത്തിരിപ്പിൻ
ജീവനാഥനെ എതിരേൽപ്പാൻ

2 മന്നവൻ ക്രിസ്തുവാം അടിസ്ഥാനത്തിന്മേൽ
പണിയണം പൊൻ വെള്ളിക്കല്ലുകളാൽ
മരം പുല്ലു വയ്ക്കോൽ ഇവകളാൽ ചെയ്ത
വേലകൾ വെന്തിടുമേ-അയ്യോ!

3 വന്ദ്യവല്ലഭനാം യേശുമഹേശൻ
വിശുദ്ധന്മാർക്കായ് വാനിൽ വന്നിടുമ്പോൾ
നിന്ദ്യരാകാതെ വെളിപ്പെടുംവണ്ണം
സുസ്ഥിരരായിരിക്കാം-നമ്മൾ

4 തൻ തിരുനാമത്തിലാശ്രിതരായ് നാം
തളർന്നുപോകാതെ കാത്തിരിക്കാം
അന്ത്യംവരെയും ആദിമസ്നേഹം
ഒട്ടും വിടാതിരിക്കാം-നമ്മൾ

5 വെന്തഴിയും ഈ ഭൂമിയെന്നറിഞ്ഞും
കാന്തനെ കാണുവാൻ കാത്തിരുന്നും
എത്ര വിശുദ്ധ ജീവനും ഭക്തിയും
ഉള്ളവരാകണം നാം-പാർത്താൽ

6 ജഡത്തിന്റെ പ്രവൃത്തികൾ സംഹരിച്ചു നാം
ജയിക്കണം സാത്താന്യ സേനകളെ
ജയിക്കുന്നവന്നു ജീവപറുദീസിൻ
ജീവകനി ലഭിക്കും-ആമേൻ **M.E.C.**